"ഭരണഭാഷ-മാതൃഭാഷ"

No. DWCD/1055/2024-ICDSB3(4)

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര, തിരുവനന്തപുരം
തീയതി : 18-10-2024
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ് - ഡയറക്ടറേറ്റ് - സംയോജിത ശിശു വികസന സേവന പദ്ധതി - വീറ്റ് ബെയ്സ്ഡ് ന്യൂട്രീഷന് പ്രോഗ്രാം 2024-25 3rd ക്വാർട്ടർ അരി, P&L ഗുണഭോക്താക്കളുടെ ഗോതമ്പ് അനുവദിക്കുന്നത് - സംബന്ധിച്ച്-

സൂചന:-

1. സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറുടെ 20.07.2013 ലെ ICDS B3-22157/13 നമ്പർ സർക്കുലർ
2. സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറുടെ 05.11.2013 ലെ ICDS B3-30204/13 നമ്പർ സർക്കുലർ
3. സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറുടെ 26.11.2013 ലെ ICDS B3-30204/13 നമ്പർ ഉത്തരവ്
4. ഈ കാര്യാലയത്തിലെ ഇതേ തീയതിയിലെ ഇതേ നമ്പർ കത്ത്

വീറ്റ് ബെയ്സ്ഡ് ന്യൂട്രീഷന് പ്രോഗ്രാമിന്റെ ഭാഗമായി 2024-25 3rd ക്വാർട്ടറിൽ കേന്ദ്ര സർക്കാർ അനുവദിച്ച അരി, P&L ഗുണഭോക്താക്കളുടെ ഗോതമ്പ് എന്നിവ വിതരണം നടത്തുന്നതിന് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്നിവർക്ക് സൂചന പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ ജില്ലയിലെയും അങ്കണവാടികളുടെ എണ്ണത്തിന് ആനുപാതികമായി അരി (പ്രീ സ്കൂൾ കുട്ടികൾക്ക്), ഗോതമ്പ് (P&L ഗുണഭോക്താക്കൾക്ക്) എന്നിവ അനുവദിച്ചുകൊണ്ടുള്ള ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. സി.ഡി.പി.ഒ.മാരും പ്രോഗ്രാം ഓഫീസർമാരും അതത് സപ്ലൈകോയുടെ ഓഫീസുമായി ബന്ധപ്പെട്ട് മാവേലി സ്റ്റോറുകളിൽ നിന്ന് അരി, ഗോതമ്പ് എന്നിവ ഏറ്റെടുത്ത് വിതരണം നടത്തുന്നതിന് സൂപ്പർവൈസർമാർക്ക് നിർദ്ദേശം നൽകേണ്ടതാണ്. മാവേലി സ്റ്റോറുകളിൽ നിന്നും ലഭിക്കുന്ന അരി, ഗോതമ്പ് എന്നിവ FAQ നിലവാരത്തിലുള്ളതാണെന്ന് ഉറപ്പുവരുത്തേണ്ടതും സൂചന (1), (2), (3) എന്നിവ പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്. വീറ്റ് ബെയ്സ്ഡ് ന്യൂട്രീഷൻ പ്രോഗ്രാമിന്റെ ഭാഗമായി 2024-25 2nd

**കാർട്ടറിൽ** അനുവദിച്ച് നൽകിയ അരി, ഗോതമ്പ് എന്നിവയുടെ യു.സി. 30.10.2024 ന് മുമ്പായി ലഭ്യമാക്കേണ്ടതാണ്. (wcdicdsb3@gmail.com)

വിശ്വസ്തതയോടെ

വനിത ശിശു വികസന ഡയറക്ടർ (i/c)

ബിന്ദു ഗോപിനാഥ്
അഡീഷണൽ ഡയറക്ടർ
പെൻ നമ്പർ-534060
വനിത ശിശുവികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം-695012